# സ്‌കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ഓരോ കുട്ടിയും മികവിലേക്ക്




GOVT. TOWN L. P. SCHOOL
KOTTAYAM

**ഗവ . ടൗൺ എൽ പി സ്‌കൂൾ**

**കോട്ടയം**

ആമുഖം

പൊതു വിദ്യാലയങ്ങൾ — മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനം ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി.ടി.എ. പ്രസിഡണ്ട്

ഹെഡ്മാസ്റ്റർ

എം ടി എ പ്രസിഡണ്ട്

# ഗവ ടൗൺ എൽപിഎസ് കോട്ടയം ചരിത്രം

കോട്ടയം ജില്ലയിലെ കോട്ടയം വിദ്യാഭ്യാസ ജില്ലയിൽ കോട്ടയം ഈസ്റ്റ് ഉപജില്ലയിലെ വയസ്ക്കരക്കുന്നു സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ഗവണ്മെന്റ് ടൗൺ എൽ പി സ്കൂൾ.19-ാംനൂറ്റാണ്ടിന്റെ ഒടുവിൽ ഇന്ത്യയിലെ ഏറ്റവും സാക്ഷര പ്രദേശമായിരുന്ന മദ്ധ്യതിരുവിതാംകൂറിലെ അക്ഷരനഗരി എന്നറിയപ്പെടുന്ന കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് ചരിത്രമുറങ്ങുന്ന വയസ്ക്കരകുന്നിൽ (കച്ചേരിക്കടവ് )ആണ് ഗവണ്മെന്റ് ടൗൺ എൽ പി സ്കൂൾ സ്ഥിതിചെയ്യുന്നത്.ഒരുഹെക്ടർ ഇരുപത്തിരണ്ട് ച.മീറ്റർ സ്ഥലം ഈ വിദ്യാലയത്തിന് സ്വന്തമായിട്ടുണ്ട്.

1902 ൽ താഴത്തു പുരക്കൽ കുടുംബാന്ഗങ്ങൾ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് പെൺപള്ളിക്കൂടം സ്ഥാപിച്ചു .കോട്ടയം മുനിസിപ്പൽ സ്റ്റാന്റ് നിർമാണത്തിനായി അവിടെ സ്ഥിതി ചെയ്തിരുന്ന ടൗൺ എൽ പി സ്കൂളിനെ വയസ്ക്കരക്കുന്നിലേക്ക് മാറ്റി ഏകദേശം ആയിരത്തോളം കുട്ടികൾ ഇവിടെ വിദ്യ അഭ്യസിച്ചിരുന്നു പിന്നീട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് കാര്യാലയത്തിൽ ടൗൺ എൽ പി എസ്സും പെൺപള്ളിക്കൂടവും തമ്മിൽ ലയിച്ച് ഗവണ്മെന്റ് ടൗൺ എൽ പി എസ് കോട്ടയം നിലവിൽ വന്നു.

2021-2022 അധ്യയന വർഷം എൽ പി വിഭാഗത്തിൽ 42 കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു ഹെഡ്മിസ്ട്രസ് 3 എൽ പി എസ് എ അധ്യാപകർ, 1 പീ.റ്റി .മീനിയൽ , 1 പാചകക്കാരി എന്നിവരാണ് സ്കൂളിലെ ജീവനക്കാർ .

എല്ലാ കുട്ടികളെയും പഠനത്തിൽ എ ഗ്രേഡിലോ ബി ഗ്രേഡിലോ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് അതതു ക്ലാസ്സിൽ നിന്ന് നേടേണ്ട പഠനനേട്ടങ്ങൾ കുട്ടികൾ ആർജ്ജിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു .

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| **വിലാസം** | |
| ഗവ .ടൗൺ എൽ പി സ്കൂൾ കോട്ടയം<br>കോട്ടയം പി.ഒ. Pin 686001 കോട്ടയം ജില്ല | |
| **സ്ഥാപിതം** | 1902 |
| **വിവരങ്ങൾ** | |
| **ഇമെയിൽ** | govttownlpskottayam@gmail.com |
| **കോഡുകൾ** | |
| **സ്കൂൾ കോഡ്** | 33403 |
| **യുഡൈസ് കോഡ്** | 32100600101 |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| **റവന്യൂ ജില്ല** | കോട്ടയം |
| **വിദ്യാഭ്യാസ ജില്ല** | കോട്ടയം |
| **ഉപജില്ല** | കോട്ടയം ഈസ്റ്റ് |
| **ബി.ആർ.സി** | കോട്ടയം ഈസ്റ്റ് |
| **ഭരണസംവിധാനം** | |
| **താലൂക്ക്** | കോട്ടയം |
| **തദ്ദേശസ്വയംഭരണസ്ഥാപനം** | കോട്ടയം മുനിസിപ്പാലിറ്റി |
| **വാർഡ്** | 20 |
| **സ്കൂൾ ഭരണ വിഭാഗം** | |
| **സ്കൂൾ വിഭാഗം** | ഗവൺമെന്റ് |
| **പഠന വിഭാഗങ്ങൾ** | എൽ.പി |
| **സ്ഥിതിവിവരക്കണക്ക്** | |
| **ആൺകുട്ടികൾ** | 19 |
| **പെൺകുട്ടികൾ** | 15 |
| **ആകെ വിദ്യാർത്ഥികൾ** | 34 |
| **അദ്ധ്യാപകർ** | 4 |
| **സ്കൂൾ നേതൃത്വം** | |
| **പ്രധാന അദ്ധ്യാപിക** | ശ്രീമതി .പ്രീത ഏ ഡി |
| **പി.ടി.എ. പ്രസിഡണ്ട്** | അനിത ഉണ്ണികൃഷ്ണൻ |



**HEADMISTRESS**





# T E A C H E R S

# പൊതുലക്ഷ്യങ്ങൾ

1.സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

2.എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ്

ഉറപ്പുവരുത്തുക.

3.ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി

കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക്

പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4.വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ

തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ

ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക്

ഉറപ്പുവരുത്തും.

6.കമ്പ്യൂട്ടർ ലാബ് ആധുനികവത്കരിക്കും.

7.ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി

തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി

വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8.ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽലഭ്യമാക്കും.

9.വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10.ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11.മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13.കൃഷി,ഔഷധത്തോട്ടം, എന്നിവ പരിപാലിക്കുന്നതിന് വിദ്യാർത്ഥികൾക്ക് നേതൃത്വം നൽകും

14.രാസ ലഹരി,ലഹരിപദാർത്ഥങ്ങൾ ,മൊബൈൽ ഫോൺ അഡിക്ഷൻ തുടങ്ങിയവക്കെതിരെ മുൻകരുതലുകൾ

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്പുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | **വായിക്കാം, എഴുതാം , വായിക്കാം.** | ❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>❖ നിശബ്ദ വായന.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ നിശബ്ദ വായന.<br>❖ ഉച്ചത്തിൽ വായന<br>❖ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | **വായിക്കാം, എഴുതാം , വായിക്കാം.** | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് | |
| | | | |
| | വായിക്കാം കൂട്ടുകാരെ | ❖ കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ -ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ -ജൂലൈ |
| | വായിക്കാം.. അഭിപ്രായം പറയാം | ❖ കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു.<br>❖ വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു.<br>❖ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ - ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ❖ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>❖ ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>❖ പുസ്തക വിതരണം<br>❖ വായന, വായനാനുഭവം പങ്കുവെയ്ക്കൽ | ജൂൺ - ഒക്ടോബർ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം | ❖ **കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.**<br>❖ **കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.**<br>❖ കഥ സ്വയം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച |

| | | | |
|---|---|---|---|
| | കഥ കാണാം, എഴുതാം<br>തുടർപ്രവർത്തനം | ❖ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>❖ ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>❖ വിവരണം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച |
| | എന്തെല്ലാം കാഴ്ചകൾ | ❖ കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് കുറിപ്പെഴുതാൻ അവസരം.<br>❖ എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു. | 2 ആഴ്ച |
| | കവിത പൂർത്തിയാക്കാം<br>പാടി അവതരിപ്പിക്കാം | ❖ **കവിത പൂർത്തിയാക്കാൻ അവസരം.**<br>❖ **കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.**<br>❖ **കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.**<br>**eg :**<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വാർത്തയെന്തുണ്ട്?**<br>**നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ**<br>**വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?**<br>**വാർത്തയെന്തുണ്ട്?"**<br>.....................................<br>.....................................<br>.....................................<br>.....................................<br>❖ കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടിക്കേൾപ്പിക്കുന്നു.<br>❖ കവിത പാടുന്നതിന്റെ ഓഡിയോ/വീഡിയോ അയക്കുന്നു. | ജൂൺ - സെപ്റ്റംബർ |
| | സർഗാത്മക രചന | ❖ കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>❖ കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/ നിർദേശങ്ങൾ നൽകുന്നു.<br>❖ കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>❖ കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ - ഒക്ടോബർ |
| | ക്ലാസ് റൂം ലൈബ്രറി | ❖ വായനക്കുറിപ്പ് | ഓഗസ്റ്റ് - മാർച്ച് |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം<br>ജിഴഹശവെ റ്യ ജിഴഹശവെ മലൈായഹ്യ. | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജ്ഠഅ | ട ട അ<br>ട ങ ഇ |
| | വാർത്താവായനാമത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യ | ടമേളള |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | ട ട അ | ട ട അ |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹമൈ ഠലമരവല്യ | ട ങ ഇ |

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്.<br><br>പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും<br><br>പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ജൂൺ-ജൂലൈ ആഗസ്ത്<br><br>ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>SMC<br><br>SRG<br>SMC | SMC |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്.<br><br>പ്രകൃതിയെ അറിയാൻ.<br><br>നാടറിയാൻ - നാട്ടറിവുകൾ | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ<br><br>പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കാണാക്കാഴ്ചകൾ - ഇഉ<br><br>കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം | ജൂൺ, ജൂലൈ<br><br>സപ്തംബർ ഡിസംബർ<br><br>ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>SMC<br><br>ടീച്ചേർസ്<br>SRG<br>SMC<br><br>SRG<br>SMC<br>നാട്ടുകാർ | SMC |

**പ്രവർത്തനം : 3**

**പേര് : പരീക്ഷണകിറ്റ്**

**ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച്<br>ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തി | ശാസ്ത്ര മാസികക | | | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഎ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# THE END